(സി) ഇത്തരത്തിൽ തട്ടിയെടുത്ത പണം ഏതെങ്കിലും ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനയിലെ നേതാക്കളുടെ ബന്ധുക്കളുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(ഡി) ഇപ്രകാരം പട്ടികജാതി ക്ഷേമ ഫണ്ടിൽ തിരിമറി നടത്തി പാർശ്വവൽകൃത ജനസമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതായ നടപടികൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളായ പഠനമുറി നിർമ്മാണം, ഭവന നിർമ്മാണ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയ ഓൺലൈൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ സാമ്പത്തിക ക്രമക്കേട് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ ബന്ധപ്പെട്ട സൈറ്റുകളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമം**

61 (367) ശ്രീ. എം. എം. മണി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യക്ഷേമത്തിനായി ക്ഷേമ പരിപാടികളോടൊപ്പം സാമ്പത്തിക സ്വയംപര്യാപ്തതയും ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) സർക്കാർ വിഭാവന ചെയ്യുന്ന വിജ്ഞാന സമ്പദ് വ്യവസ്ഥയിലും ഡിജിറ്റൽ ഇക്കോണമിയിലും ഇവർക്ക് അർഹമായ അവസരം ഉറപ്പാക്കുന്നതിന് നൈപുണ്യശേഷിയും കർമ്മശേഷിയും ഉറപ്പ് വരുത്തുന്നതിനുള്ള മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ സംരംഭകത്വശേഷി വികസനത്തിനുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

പട്ടികവർഗ്ഗ യുവതീയുവാക്കളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി അവർക്ക് പ്രത്യേക നൈപുണ്യ പരിശീലനം നൽകിയാണ് അവരുടെ സംരംഭകത്വശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പ്രധാനമായും ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുവാനുള്ള പ്രചോദനമാണ് വകുപ്പ് നൽകി വരുന്നത്. ഗോത്രജീവിക എന്ന പേരിൽ കെട്ടിടനിർമ്മാണത്തിൽ പരിശീലനം നേടിയവരെ ഉൾപ്പെടുത്തി ചെറു നിർമ്മാണ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 53 സംഘങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ഈ സംഘങ്ങളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് പൂർത്തിയാക്കിയവരെ ചേർത്ത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിൽ റെസ്റ്റോറന്റുകൾ ആരംഭിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ആട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ പരിശീലനം നേടിയവരെ ചേർത്ത് ഇപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്ന പദ്ധതി പരിഗണനയിലാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം**

62 (368) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സുതാര്യമാക്കുന്നതിനും വേണ്ട പദ്ധതികൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇ-ഫയൽ സംവിധാനമായ DDFS (Digital Document Filing System) നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികളുടെ ഗുണം ആദിവാസി വിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?